# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 12–ാം തീയതി വെള്ളിയാഴ്ച
(ആകെ ചോദ്യങ്ങൾ –14)


**(440) കൈത്തറി മേഖലയിലെ പരിഷ്ക്കരണം**
**(441) സഹകരണബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ ഏകീകരിക്കാൻ നടപടി**
**(442) ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സർക്കാർ നൽകുന്ന സഹായം**
**(443) കടാശ്വാസ പ്രഖ്യാപനം നടപ്പാക്കിയ ഇനത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടായ നഷ്ടം നികത്താൻ നടപടി**
**(444) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പുനിയമ വ്യവസ്ഥകളിൽ മാറ്റം**
**(445) പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**
**(446) കൊച്ചിൻ റിഫൈനറീസ് നടപ്പാക്കാനുദ്ദേശിക്കുന്ന എസ്.ബി.എം. പദ്ധതിമൂലം കൊച്ചി തുറമുഖത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം**
**(447) സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കാൻ നടപടി**
**(448) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നബാർഡിന് വരുത്തിയിട്ടുള്ള ബാദ്ധ്യത**
**(449) കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായ വികസനത്തിന് മിഷൻ സ്ഥാപിക്കാൻ നടപടി**
**(450) ഐ.ടി.ഐ.കളിലും മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാങ്കേതിക പരിശീലനം നൽകുന്നതിന് നിലവിലുള്ള പാഠ്യപദ്ധതി**
**(451) ചുമട്ടു തൊഴിലാളി നിയമം**
**(452) ഹൈക്കോടതി സ്റ്റേ ചെയ്ത റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ്**
**(453) തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പുതിയ നിയമം**


### കൈത്തറി മേഖലയിലെ പരിഷ്ക്കരണം

440. ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വർക്കല കഹാർ :
പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിത്തുണികളെ ക്രാഫ്ട്സ്മാൻഷിപ്പിലും ആകർഷണീയതയിലും ഗുണമഹിമയിലും മെച്ചപ്പെടുത്തി കയറ്റി അയയ്ക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട്;

(ബി) കൈത്തറിത്തുണി നിർമ്മാണത്തിൽ മാസ്റ്റർ ക്രാഫ്ട്സ്മാൻമാർക്ക് രൂപം കൊടുക്കുന്നതിനുള്ള എന്തെങ്കിലും ഏർപ്പാടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ;

(ഡി) കൈത്തറിത്തുണി നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ സൃഷ്ടിക്കുന്നതിനുള്ള ട്രെയിനിംഗ് പരിപാടികൾ ആവിഷ്ക്കരിക്കുമോ;

(ഇ) ഉയർന്ന ഗുണനിലവാരമുള്ള നൂൽ കൈത്തറി സംഘങ്ങൾക്ക് നൽകുമോ;

(എഫ്) ഡിസൈനിംഗ് സമ്പ്രദായം ഈ രംഗത്തേക്ക് വ്യാപിപ്പിക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) കൈത്തറിത്തുണിയുടെ കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള ടെക്സ്റ്റൈൽസ് സെന്റർ ഇൻഫ്രാസ്ക്ചറൽ ഡെവലപ്പ്മെന്റ് സ്കീമും ഡവലപ്മെന്റ് ഓഫ് എക്സ്പോർട്ടബിൾ പ്രോഡക്ട് ആന്റ് മാർക്കറ്റിംഗ് സ്കീമും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് കയറ്റുമതി വില്പന തുകയുടെ 20 ശതമാനം തുക പ്രോത്സാഹനമായി നൽകുന്നു.

(ബി)യും (സി)യും ഉണ്ട്. ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം എന്ന പദ്ധതി മാസ്റ്റർ ക്രാഫ്റ്റ്സ്മാൻമാരെ കണ്ടെത്തുന്നതിനും അവരുടെ അതുല്യമായ കരവിരുത് പ്രയോജനപ്പെടുത്തുന്നതിനും അവരെ ആദരിക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം ഓരോ വർഷവും 100 വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവരെ ആധുനിക കമ്പോള രംഗത്തെ സാദ്ധ്യതകളെക്കുറിച്ച് ബോധവാൻമാരാക്കി, മൂല്യവർദ്ധനവ് വരുത്തിയ ആകർഷണീയമായ വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് സഹായിക്കുന്നു. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന കൈത്തറി വസ്ത്രങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടവയ്ക്ക് സംസ്ഥാനതല അവാർഡ് നൽകാനും ദേശീയ അന്തർദേശീയ തലത്തിൽ അവരടെ ഉൽപന്നങ്ങൾക്ക് പ്രചാരം നൽകാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. എല്ലാ വർഷവും നടപ്പക്കാനുദ്ദേശിക്കുന്ന ഈ സ്കീമിലൂടെ വിദഗ്ദ്ധ ക്രാഫ്ട്സ്മാൻമാരെ കണ്ടെത്താനും അവരുടെ സേവനം ഈ വ്യവസായത്തിന് പ്രയോജനപ്പെടുത്താനും കഴിയും.

(ഡി) ഇതിനായി ഇപ്പോൾത്തന്നെ പല പരിശീലന പരിപാടികളുമുണ്ട്. പുതിയ പരിശീലന പരിപാടികൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നു.

(ഇ) ഉയർന്ന നിലവാരമുള്ള നൂൽ മിതമായ വിലയ്ക്ക് കൈത്തറി സംഘങ്ങൾക്ക് ലഭ്യമാക്കാനായി ഹാന്റക്സ്, ഹാൻവീവ്, എറണാകുളം ജില്ലാ സഹകരണ യാൺ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് ഒരു കിലോയ്ക്ക് ശരാശരി 15 രൂപ നിരക്കിൽ ഹാങ്ക് യാൺ സബ്സിഡി നൽകി വരുന്നു.

(എഫ്) കൈത്തറി സഹകരണ സംഘങ്ങളിലെ വിദഗ്ദ്ധ നെയ്ത്തുകാർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഹാന്റലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദേശ വിപണി ലക്ഷ്യമാക്കി ആകർഷണീയമായ കൈത്തറി ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനും സംഘങ്ങളെ പ്രാപ്തരാക്കാൻ ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഒരു പരാപാടി ഈ വർഷം മുതൽ നടപ്പാക്കാനുദ്ദേശിക്കുന്നു. സേലത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയിലെയും കോഴിക്കോട് സർവ്വകലാശാലയിലെ കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് വിഭാഗത്തിന്റെയും സേവനം പ്രയോജനപ്പെടുത്തി ഡിസൈൻ സമ്പ്രദായം വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**<u>സഹകരണബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ ഏകീകരിക്കാൻ നടപടി</u>**

441. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ. പി. എസ്. സുപാൽ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് ഏകീകരിച്ച കമ്മീഷൻ വ്യവസ്ഥയാണോ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷേമനിധി ആനുകൂല്യം മിക്ക സഹകരണബാങ്കുകളും നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ പല ബാങ്കുകളും വ്യത്യസ്ത തോതിലാണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കളക്ഷൻ ഏജന്റുമാർ ബാങ്കുജീവനക്കാരാണെന്ന ബഹു.സുപ്രീംകോടതി വിധി സഹകരണ ബാങ്കുകളിൽ നടപ്പിലാക്കണമെന്നുള്ള കളക്ഷൻ എജന്റുമാരുടെ ആവശ്യം പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി):-**

(എ) ഏജന്റുമാർക്ക് വ്യത്യസ്ത നിരക്കിലുള്ള കമ്മീഷൻ വ്യവസ്ഥയാണ് നിലവിലുള്ളത്.

(ബി) ഇല്ല. 335 സഹകരണ സ്ഥാപനങ്ങളിൽ നിന്നും 1469 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) സുപ്രീം കോടതിയുടെ 2001 ലെ എസ്.ഒ.എൽ.കേസ് നം.1031 ലെ വിധിയിൽ സഹകരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് കളക്ടേഴ്സിനെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളതായി അറിവില്ല.

**<u>ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സർക്കാർ നൽകുന്ന സഹായം</u>**

442.. ശ്രീ. എ. കെ. മണി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിനും വർക്കിംഗ് ക്യാപ്പിറ്റലിനുമുള്ള തുക ലഭിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായം നൽകുന്നുണ്ട്;

(ബി) ഗവൺമെന്റ് ഉൾപ്പെടെയള്ള ഫൈനാൻസിംഗ് ഏജൻസികളിൽ നിന്ന് വായ്പയെടുത്ത് വ്യവസായം തകർന്നു നശിക്കാനിടയായ സംരംഭകരെ സഹായിക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടി ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിനും വർക്കിംഗ് ക്യാപിറ്റലിനും തുക നൽകുന്നത് പ്രധാനമായും ധനകാര്യ സ്ഥാപനങ്ങളാണ്. ഫീസിബിലിറ്റി സ്റ്റഡി നടത്തി, ഡിപ്പാർട്ട്മെന്റ് തലത്തിൽത്തന്നെ പ്രോജക്ട് ഫീസിബിലിറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട ധനകാര്യ സ്ഥാപങ്ങൾക്ക് നൽകി യൂണിറ്റുകൾക്ക് ധനകാര്യസ്ഥപനങ്ങളിൽ നിന്നും ഇത്തരം വായ്പ വാങ്ങിക്കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. സർക്കാർ ഈ കാര്യങ്ങൾക്ക് പൂർണ്ണമായി തുക നൽകുന്നില്ല. എന്നാൽ ചെറുകിട വ്യവസായം തുടങ്ങാൻ വ്യക്തിയുടെ വിഹിതമായി ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപിക്കുന്ന മാർജിൻ മണിയുടെ 50% പ്രോജക്ട് ചെലവിന്റെ 20% ഇതിൽ ഏതാണോ കുറവ് ആ തുക പരമാവധി 2.50 ലക്ഷം (എൻ.ആർ.കെയ്ക്ക് 5 ലക്ഷം രൂപ) മാർജിൻ മണി വായ്പയായി ഡിപ്പാർട്ട്മെന്റ് നൽകുന്നുണ്ട്. കൂടാതെ സ്ഥിര മൂലധനത്തിന്റെ 10% പരമാവധി 5 ലക്ഷം രൂപയും ഇടുക്കി, വയനാട് ജില്ലകളിൽ 10% പരമാവധി 10 ലക്ഷം രൂപ വരെയും മൂലധന നിക്ഷേപ സബ്സിഡിയായി നൽകുന്നു. ത്രസ്റ്റ് വ്യവസായങ്ങൾക്ക് ഇത് പരമാവധി 15% അല്ലെങ്കിൽ 15 ലക്ഷം രൂപയും, ഇടുക്കി വയനാട് ജില്ലകളിൽ ഇത് 25% പരമാവധി 5 ലക്ഷം രൂപയുമാണ്.

(ബി) ഉണ്ട്.

(സി) ഗവൺമെന്റ് ഉൾപ്പെടെയുള്ള ഫൈനാൻസിംഗ് ഏജൻസികളിൽ നിന്ന് വായ്പയെടുത്ത് വ്യവസായം തകർന്ന് നശിക്കാനിടയായ സംരംഭകരെ സഹായിക്കുന്നതിന് ഗവൺമെന്റ് പീഢിത വ്യവസായപുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പീഢിതവ്യവസായമായി പരിഗണിക്കപ്പെടാനുള്ള റിസർവ്വ് ബാങ്കിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള യൂണിറ്റുകളെ ധനകാര്യ സ്ഥാപനങ്ങളുടെ സമ്മതത്തോടെ പീഢിത വ്യവസായമായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രജിസ്റ്റർ ചെയ്യുന്നു. ചെറുകിട പീഢിത വ്യവസായങ്ങളുടെ പുനരുദ്ധാരണം ശ്രദ്ധിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു ജില്ലാ പുനരുദ്ധാരണ സമിതിയും പ്രവർത്തിച്ചുവരുന്നു. പീഢിത വ്യവസായമായി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് മാർജിൻ മണി വായ്പ ഇനത്തിൽ യൂണിറ്റിന്റെ സ്റ്റാർട്ട് അപ് ചെലവുകൾ ഉൾപ്പെടെ പരമാവധി ഒരു ലക്ഷം രൂപയും പുനരദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പരമാവധി രണ്ടായിരം രൂപയും ഗ്രാന്റായി നൽകി വരുന്നു. റവന്യൂ റിക്കവറി നടപടികൾ എടുത്തിട്ടുള്ള ചെറുകിട വ്യവസായങ്ങൾക്ക് അടയ്ക്കേണ്ട തുക ഗഡുക്കളായി തിരിച്ച് അടയ്ക്കുവാനുള്ള അവസരം നൽകുക, വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ടെങ്കിൽ ഉടൻ തന്നെ പുനഃസ്ഥാപിക്കുക, വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുക എന്നീ ആനുകൂല്യങ്ങളും പുനരുദ്ധാരണത്തിന്റെ ഭാഗമായി നൽകി വരുന്നു.

**<u>കടാശ്വാസ പ്രഖ്യാപനം നടപ്പാക്കിയ ഇനത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടായ നഷ്ടം നികത്താൻ നടപടി</u>**

404. ശ്രീ. ടി. പി. രാമകൃഷ്ണൻ :

ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച കാർഷിക കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ഏതെങ്കിലും നിലയിലുള്ള ബുദ്ധിമുട്ടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രഖ്യാപിത കടാശ്വാസ പദ്ധതി, സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യത്തിൽ എപ്രകാരമാണ് നടപ്പാക്കുക എന്ന് വിശദമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് സഹകരണ രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കടാശ്വാസ പ്രഖ്യാപനം നടപ്പാക്കിയ ഇനത്തിൽ ഉണ്ടായ നഷ്ടം സഹകരണ സംഘങ്ങൾക്ക് സർക്കാർ യഥാസമയം നൽകുന്നുണ്ടോ; എങ്കിൽ ഇതിനകം മൊത്തം എന്ത് തുക സർക്കാർ ഈ ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് നൽകുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ?

<u>**ഉത്തരം**</u>

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) വിശദ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

(സി) സർക്കുലറിലെ വിശദ വിവരങ്ങൾ അനുബന്ധം 2-(1), 2-(2) ഇവയിൽ ചേർത്തിരിക്കുന്നു.

(ഡി) സംഘങ്ങളിൽ നിന്നും ഇതിനുള്ള അപേക്ഷകൾ ലഭിച്ചു തുടങ്ങിയിട്ടില്ല.

## <u>സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പുനിയമവ്യവസ്ഥകളിൽ മാറ്റം</u>

444. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് നിയമവ്യവസ്ഥകളിൽ എന്തെങ്കിലും മാററം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ മുൻപാകെ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തിക്കിട്ടാനുള്ള എത്ര ഹർജികൾ പെന്റിംഗായിട്ടുണ്ട്;

(ഡി) സഹകരണ രജിസ്ട്രാറുടെ റിമാർക്ക്സ് ലഭിക്കാത്തതിനാൽ യഥാസമയം റിട്ടേണിംഗ് ആഫീസറെ നിയമിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ?

<u>**ഉത്തരം**</u>

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി):-**

(എ) സമഗ്രമായ മാറ്റം ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഹർജികൾ ഒന്നും നിലവിൽ പെന്റിംഗിലില്ല.

(ഡി) ഉണ്ട്. നാലു സംഘങ്ങളുടെ കാര്യത്തിൽ

## <u>പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>

445. ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതിയ വ്യവസായ സംരംഭകർക്കുവേണ്ടി ഭൂമി, കെട്ടിടം, വർക്കിംഗ് ക്യാപ്പിറ്റൽ എന്നീ ഇനങ്ങളിൽ സർക്കാർ എന്തു സഹായമാണ് നൽകുന്നത്;

(ബി) ആരംഭത്തിൽതന്നെ വ്യവസായത്തെ തകർക്കുന്ന തരത്തിൽ തൊഴിൽ സമരങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു സംരക്ഷണമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) പുതിയ വ്യവസായ സംരംഭകർക്ക് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ വികസന പ്ലോട്ട്, വ്യവസായ വികസന പ്രദേശം, വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ ലഭ്യമായ ഭൂമി ഔട്ട്റൈറ്റ് പർച്ചേസ്, ഹയർ പർച്ചേസ് വ്യവസ്ഥയിൽ നൽകി വരുന്നുണ്ട്. മേജർ വ്യവസായ എസ്റ്റേറ്റുകളിലും, മിനി വ്യവസായ എസ്റ്റേറ്റുകളിലും ലഭ്യമായ വ്യവസായ ഷെഡ്ഡുകളും നൽകുന്നുണ്ട്. കെട്ടിടം പണിയുന്നതിനും, മെഷീനറി വാങ്ങുന്നതിനും ആവശ്യമായ മൂലധന വായ്പയും പ്രവർത്തന മൂലധന വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ ശുപാർശകൾ നൽകുന്നുണ്ട്. നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത ചെറുകിട വ്യവസായങ്ങൾക്ക് വ്യവസായ വകുപ്പ് മാർജിൻ മണി വായ്പയും, മൂലധന നിക്ഷേപ സബ്സിഡിയും അനുവദിക്കുന്നുണ്ട്. സബ്സിഡി തുക റീ-ഇംബേഴ്സ്മെന്റ് ആയതിനാൽ ബന്ധപ്പെട്ട യൂണിറ്റുകൾക്ക് വർക്കിംഗ് ക്യാപിറ്റേഷൻ ആയോ മറ്റ് തരത്തിലോ ഉപയോഗിക്കാവുന്നതാണ്. വ്യവസായ സമുച്ചയ വികസന പരിപാടി, കരകൗശല ആർട്ടിസാൻസ് മേഖലകളിലെ വ്യവസായ സംരംഭകർക്കുള്ള ധനസഹായപദ്ധതി എന്നിവ ഇതുമായി ബന്ധപ്പെട്ട മറ്റ് രണ്ട് പദ്ധതികളാണ്.

(സി) നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് പുതിയ തൊഴിൽ നയം രൂപപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**കൊച്ചിൻ റിഫൈനറീസ് നടപ്പാക്കാനുദ്ദേശിക്കുന്ന എസ്.ബി.എം. പദ്ധതിമൂലം കൊച്ചി തുറമുഖത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം**

446. ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊച്ചിൻ റിഫൈനറീസ് നടപ്പാക്കാനുദ്ദേശിക്കുന്ന എസ്.ബി.എം. പദ്ധതിമൂലം കൊച്ചി തുറമുഖത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാവാനിടയുണ്ടെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടി സർക്കാർ സ്വീകരിക്കുമോ;

(സി) എസ്.ബി.എം. പദ്ധതിയുടെ പ്രവർത്തനം എപ്രകാരമായിരിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഡി എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണ-തുറമുഖ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി)ഇക്കാര്യത്തിൽ ആവശ്യമായ നടപടി കേന്ദ്ര സർക്കാരും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റും കൊച്ചി റിഫൈനറീസുമാണ് സ്വീകരിക്കേണ്ടത്.

(സി) സംസ്ഥാന സർക്കാർ ഇതിനെപ്പറ്റി പഠനം നടത്തിയിട്ടില്ല.

(ഡി) പ്രസക്തമല്ല.

**സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കാൻ നടപടി**

447. ശ്രീ. സ്റ്റീഫൻ ജോർജ്:

ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എ.ടി.എം. കൗണ്ടറുകൾ തുടങ്ങാൻ ഉദ്ദേശ്യമുണ്ടോ;

(ബി)എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒരു എ.ടി.എം. കൗണ്ടറിന് എന്തു തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവന്‍ (സഹകരണ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ തിരഞ്ഞെടുക്കപ്പെട്ട ബ്രാഞ്ചുകളോടനുബന്ധിച്ച് എ.ടി.എം. കൗണ്ടറുകള്‍ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിച്ച് വരുന്നു.

(സി) എ.ടി.എം. മെഷീന്റെ വിലയും അത്സ്ഥാപിക്കുന്നതിനുള്ള മറ്റ് ചെലവുകളുമടക്കം ഏകദേശം 10 ലക്ഷത്തോളം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാന സഹകരണ കാര്‍ഷിക ഗ്രാമവികസന ബാങ്ക് നബാര്‍ഡിന് വരുത്തിയിട്ടുള്ള ബാദ്ധ്യത**

448. ശ്രീ. കെ.വി. കുഞ്ഞിരാമന്‍:

ശ്രീ. എ.കെ. ബാലന്‍:

ശ്രീ. വി.കെ.സി. മമ്മത്കോയ:

ശ്രീ. പി. ജയരാജന്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നല്‍കുമോ;

(എ) സംസ്ഥാന സഹകരണ കാര്‍ഷിക ഗ്രാമവികസന ബാങ്കിന് നബാര്‍ഡില്‍ നിന്നും പുതിയതായി ലോണ്‍ എടുക്കുന്നതിന് സര്‍ക്കാര്‍ ഗ്യാരണ്ടി ആവശ്യപ്പെട്ടിരുന്നോ; ആയത് നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാന ഗവണ്‍മെന്റ് ഇതിനകം എത്രകോടി രൂപയ്ക്ക് പ്രസ്തുത ബാങ്കിന് ഗ്യാരണ്ടി നല്‍കുകയുണ്ടായി;

(സി) സര്‍ക്കാര്‍ ഗ്യാരണ്ടിയിലൂടെ സ്വരൂപിക്കുന്ന പണം ബാങ്കില്‍ സര്‍പ്ലസ് ആകുന്ന ഘട്ടത്തില്‍ ഏത് സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കാറുള്ളത്; ട്രഷറിയില്‍ ഡിപ്പോസിറ്റ് ചെയ്യാറുണ്ടോ;

(ഡി) ഇപ്പോള്‍ സംസ്ഥാന സഹകരണ കാര്‍ഷിക ഗ്രാമവികസന ബാങ്കിന്റെ ഏതെല്ലാം നിലയിലുള്ള എന്തെല്ലാം തുകയുടെ നിക്ഷേപം ഏതെല്ലാം സ്ഥാപനങ്ങളിലുണ്ട് എന്ന് വിശദമാക്കുമോ; ഓരോ സ്ഥാപനത്തിലും എന്ത് പലിശനിരക്കിലാണ് നിക്ഷേപം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം നബാര്‍ഡിന് ബാങ്ക് എന്ത് തുകയുടെ ബാദ്ധ്യത വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവന്‍ (സഹകരണ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാന സഹകരണ കാര്‍ഷിക ഗ്രാമവികസന ബാങ്ക് 400 കോടി രൂപയുടെ ഗ്യാരണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സര്‍ക്കാര്‍ പരിശോധിച്ചു വരുന്നു.

(ബി) 1632.13 കോടിയ്ക്ക് സംസ്ഥാന ഗവണ്‍മെന്റ് സംസ്ഥാന സഹകരണ കാര്‍ഷിക ഗ്രാമ വികസന ബാങ്കിന് ഗ്യാരണ്ടി നല്‍കിയിട്ടുണ്ട്.

(സി) സര്‍ക്കാര്‍ ഗ്യാരണ്ടിയില്‍ ബാങ്കിന് പുനര്‍ വായ്പയാണ് ലഭിക്കുന്നത്. ഇങ്ങനെ നബാര്‍ഡില്‍ നിന്നും നാഷണല്‍ ഹൗസിംഗ് ബാങ്കില്‍ നിന്നും അനുവദിക്കുന്ന പുനര്‍വായ്പകള്‍ തുടര്‍ന്നും കര്‍ഷകര്‍ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ആയതിനാല്‍ ഈ പണം ട്രഷറിയില്‍ നിക്ഷേപിച്ചിട്ടില്ല.

(ഡി) ബാങ്കിന് സ്വന്തം ഫണ്ട് ഇല്ലാത്തതിനാല്‍ സ്വന്തം നിക്ഷേപങ്ങളും ഇല്ലെന്നും നിയമാനുസൃതമായുള്ള സിങ്കില്‍ ഫണ്ടും മറ്റ് സ്റ്റാറ്റ്യൂട്ടറി ഫണ്ടുകളും സ്ഥിരനിക്ഷേപമായും ദൈനംദിന വായ്പ വിതരണത്തിന് വേണ്ടിയുള്ളത് താല്‍ക്കാരിക നിക്ഷേപങ്ങളായിട്ടും ചെയ്തു വരുന്നു. ഇതിന്റെ ഭൂരിഭാഗവും സംസ്ഥാന സഹകരണ ബാങ്കില്‍ തന്നെയാണ് നിക്ഷേപിച്ചിട്ടുള്ളത്. പലിശ നിരക്ക് കാലാകാലങ്ങളില്‍ ലഭിക്കുന്ന ഏറ്റവും സ്വീകാര്യവും ലാഭകരവും സുരക്ഷിതവുമായ നിരക്കില്‍ നിക്ഷേപനിയമങ്ങള്‍ക്ക് വിധേയമായി വിവിധ സഹകരണവാണിജ്യ ബാങ്കുകളിലാണ് നിക്ഷേപം നടത്തിയിട്ടുള്ളത്. നിക്ഷേപങ്ങളുടെ വിശദാംശങ്ങള്‍ അനുബന്ധമായി ചേര്‍ത്തിരിക്കുന്നു.

(ഇ) 31-3-2002ലെ കണക്കനുസരിച്ച് നബാര്‍ഡിന് തീര്‍ത്തുകൊടുക്കുവാനുള്ള ബാങ്കിന്റെ കടബാദ്ധ്യത 1051.44 കോടി രൂപയാണ്.

## കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായ വികസനത്തിന് മിഷൻ സ്ഥാപിക്കാൻ നടപടി

449. ശ്രീ. പി.സി. ജോർജ്:
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായ വികനത്തിനായി ഒരു മിഷൻ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി)നിർദ്ദിഷ്ട മിഷന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(സി) ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളെ മുഖ്യ അസംസ്കൃത പദാർത്ഥങ്ങളാക്കിക്കൊണ്ടുള്ള വ്യവസായ സംരംഭമാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനകം എന്തെല്ലാം നടപടികളാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) പ്രസ്തുത മിഷന്റെ ഘടനയും പ്രവർത്തനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല. എന്നാൽ, ഭക്ഷ്യസംസ്കരണ മേഖലയിലെ സാങ്കേതിക വിദഗ്ധരേയും വൈഭവശാലികളേയും സർക്കാർ വകുപ്പുകളേയും സ്ഥാപനങ്ങളേയും സർക്കാരേതര സംഘടനകളേയും ഏകോപിപ്പിച്ച് കൊണ്ട് സംസ്ഥാനത്ത് ഭക്ഷ്യ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് പ്രസ്തുത മിഷന്റെ അടിസ്ഥാന ലക്ഷ്യം.

അന്താരാഷ്ട്ര മാർക്കറ്റുകളിൽ കിടപിടിക്കുന്നതിനുതകുന്ന ഗുണനിലവാരം ഉറപ്പാക്കൽ സർട്ടിഫിക്കറ്റ് സംപ്രദായമായ എച്ച്.സി.സി.പി. സമ്പ്രദായം പ്രോൽസാഹിപ്പിക്കുക, നൂതനമായ സംസ്ക്കരണ പാക്കിംഗ് രീതിക്കുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കുക, നൂതന വാർത്താവിനിമയ സൃംഖല വഴി കയറ്റുമതി വർദ്ധിപ്പിക്കുക മുതലായവയാണ് പ്രസ്തുത മിഷൻ കോണ്ട് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് ലഭ്യമായ എല്ലാ കാർഷിക വിഭവങ്ങളേയും പ്രത്യേകിച്ച് നാളീകേരം, സുഗന്ധ വ്യഞ്ജനങ്ങൾ, പഴവ്ഗ്ഗങ്ങൾ, നെല്ല്, കശുവണ്ടി തുടങ്ങിയ കാർഷിക വിഭവങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള വ്യവസായ സംരംഭങ്ങൾക്കാണ് മുൻഗണനകൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തിനാൽ മിഷൻ വഴി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ ഭക്ഷ്യസംസ്ക്കരണ വ്യവസായ വികസനത്തിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ സ്കീമുകളുടെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. കിൻഫ്ര കാക്കഞ്ചേരിയിലെ ഫുഡ് പ്രോസസിംഗ് പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്നും നാലുകോടി രൂപയും സംസ്ഥാന സർക്കാരിൽനിന്നും 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## ഐ.ടി.ഐ.കളിലും മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാങ്കേതിക പരിശീലനം നൽകുന്നതിന് നിലവിലുള്ള പാഠ്യപദ്ധതി

450. ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. യു.സി. രാമൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ.എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാങ്കേതിക പരിശീലനം നൽകുന്നതിന് നിലവിലുള്ള പാഠ്യപദ്ധതി എന്ന് നിലവിൽ വന്നിട്ടുള്ളതാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി പ്രസ്തുത കോഴ്സുകളുടെ പാഠ്യപദ്ധതിയിലും പരിശീലനപരിപാടികളിലും വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):-**

(എ) 1997-ൽ കേന്ദ്ര സർക്കാർ പരിഷ്ക്കരിച്ച പാഠ്യപദ്ധതിയാണ് നിലവിലുള്ളത്.

(ബി) ഐ.റ്റി.ഐ.കളിൽ നടത്തുന്ന കോഴ്സുകളുടെ പാഠ്യപദ്ധതിയും പരിശീലന പരിപാടികളും തയ്യാറാക്കുന്നത് കേന്ദ്ര തൊഴിൽവകുപ്പിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ആണ്. പ്രസ്തുത പാഠ്യപദ്ധതി എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെയാണ് നടത്തിവരുന്നത്. കേരളത്തിൽ മാത്രമായി മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുകയില്ല. എങ്കിൽ തന്നെയും കാലത്തിനനുസൃതമായി തൊഴിൽസാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് കോഴ്സുകൾ പരിഷ്ക്കരിക്കുവാൻ പത്താം പഞ്ചവത്സര പദ്ധതിയിൽ വകുപ്പുതലത്തിൽ നടപടികൾ എടുത്തുവരുന്നു.

## <u>ചുമട്ടു തൊഴിലാളി നിയമം</u>

451. ശ്രീ. വി.കെ. ചന്ദ്രൻ:

ശ്രീ. ടി.പി. രാമകൃഷ്ണൻ:

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന ചുമട്ടുതൊഴിലാളി നിയമം ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി ഈ നിയമം കൂടുതൽ പ്രദേശത്ത് നടപ്പിലാക്കുവാനുള്ള ഏതെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ചുമട്ടുതൊഴിലാളികൾ അമിതകൂലി ഈടാക്കുന്നതു സംബന്ധിച്ച് ഓരോ ജില്ലയിലും എത്ര പരാതികൾ ഈ വർഷം ഇതുവരെയായി ലഭിച്ചു; അവയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള നിയമത്തിൻ കീഴിൽ ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ട് ;

(ഇ) പുതിയ നിയമം നിർമ്മിക്കുമ്പോൾ ഇവരുടെ ക്ഷേമം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):-**

(എ) 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനമൊട്ടാകെ ബാധകമാക്കിയിട്ടുള്ളതാണ്. പ്രസ്തുത നിയമത്തിലെ 13-ാം വകുപ്പുപ്രകാരം രൂപീകരിച്ച 1993-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി ബാധകമാക്കി വിജ്ഞാപനം ചെയ്ത പ്രദേശങ്ങളെയും, ടി പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി സംസ്ഥാനത്ത് ഇനിയും കൂടുതൽ പ്രദേശങ്ങളിൽ നടപ്പാക്കുന്നതിന് വേണ്ടുന്ന ഊർജ്ജിത പ്രവർത്തനങ്ങൾ കേരളചുമട്ടുതൊഴിലാളി ക്ഷേമബോർഡ് കൈക്കൊണ്ടുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ടി നിയമത്തിലെ പതിനെട്ടാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട പ്രാദേശിക കമ്മിറ്റികൾ പുതുതായി പദ്ധതി നടപ്പിലാക്കേണ്ട പ്രദേശത്തെ ജോലി സാദ്ധ്യതയും മറ്റും പഠിച്ച് റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് ഈ പ്രദേശത്ത് പദ്ധതി ബാധകമാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് പദ്ധതിയുടെ പ്രായോഗിക പ്രവർത്തനം ആരംഭിക്കുകയുമാണ് ചെയ്തുപോരുന്നത്.

(സി) പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ രജിസ്റ്റേർഡ് ചുമട്ടു തൊഴിലാളികൾ അധിക കൂലി കൈപ്പറ്റിയതായി ക്ഷേമനിധി ബോർഡിൽ ലഭിച്ച പരാതികളെ സംബന്ധിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| തൃശൂർ ജില്ല | - 50 |
| ഇടുക്കി | - 4 |
| ആലപ്പുഴ | - 2 |
| പത്തനംതിട്ട | - 1 |
| കോഴിക്കോട് | - 1 |
| കണ്ണൂർ | -2 |

മറ്റു ജില്ലകളിൽനിന്ന് ഇത്തരത്തിലുള്ള പരാതികൾ ഈ വർഷം ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച പരാതികളിൽ ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലേയും ഇടുക്കിജില്ലയിലെ രണ്ടും ഒഴികെ മറ്റു ജില്ലകളിലെ പരാതികൾ അതാതിടത്തെ പ്രാദേശിക കമ്മിറ്റികൾ യഥാസമയം ചർച്ച ചെയ്തു പരിഹരിച്ചിട്ടുണ്ട്. സാധാരണ തൊഴിലാളികൾ അധിക കൂലി പറ്റിയതായി പരാതി ലഭിച്ചാൽ തർക്കമുള്ള കൂലിയെ സംബന്ധിച്ച് പ്രാദേശിക കമ്മിറ്റി അന്വേഷിക്കുന്നതും അമിതകൂലി വാങ്ങിയിട്ടുണ്ടെങ്കിൽ അത്തരം തൊഴിലാളികൾക്കെതിരെ പദ്ധതിവ്യവസ്ഥകളനുസരിച്ച് ശിക്ഷണനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(ഡി) 1978–ലെ ചുമട്ടുതൊഴിലാളി നിയമം പതിമൂന്നാം വകുപ്പുപ്രകാരം ആവിഷ്ക്കരിച്ച 1983–ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽക്രമീകരണവും ക്ഷേമവും) പദ്ധതിപ്രകാരം 30536 തൊഴിലാളികളും 1999–ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിപ്രകാരം 43063 തൊഴിലാളികളും 1995ലെ കേരള ചുമട്ടു തൊഴിലാളി (അറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതി പ്രകാരം 1512 തൊഴിലാളികളുമാണ് നാളിതുവരെ അംഗങ്ങളായിട്ടുള്ളത്.

(ഇ) കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി നിയമം കൂടുതൽ ഫലപ്രദമാക്കി ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## <u>ഹൈക്കോടതി സ്റ്റേ ചെയ്ത റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ്</u>

452. ശ്രീ. മത്തായി ചാക്കോ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ.കെ. ജയചന്ദ്രൻ:
ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി സ്റ്റേ ചെയ്ത നിരവധി റൂട്ടുകളിൽ സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മോട്ടോർ വെഹിക്കിൾ അധികൃതരുടെ പിന്തുണയോടുകൂടിയാണ് പ്രസ്തുത ബസ്സുകൾ സർവ്വീസ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദേശസാൽക്കരണത്തിന്റെ ഭാഗമായി ഇപ്പോൾ ഏതെങ്കിലും റൂട്ടുകളിൽ സ്വകാര്യ ബസ് സർവീസ് അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ സ്വകാര്യ ബസ്സുടമകൾ കേരള ഹൈക്കോടതിയിൽ കൊടുത്ത കേസ്സിൽ വിധി എന്തായിരുന്നു ;

(ഇ) കോടതിവിധി ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗതവകുപ്പുമന്ത്രി):–**

(എ) ഇല്ല.

(ബി) ഇല്ല.

(സി) എറണാകുളം വാരാപ്പുഴ – ചാവക്കാട് റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച് ഒരു പ്രാരംഭ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ സ്വകാര്യ ബസ്സുടമകൾ കേസ് ഫയൽ ചെയ്തതായി അറിവില്ല. എന്നാൽ ദേശസാൽകൃത റൂട്ടായ കോട്ടയം–കുമളി റൂട്ടിൽ സ്വകാര്യ ബസ്സുകൾക്ക് നൽകിയിരിക്കുന്ന പെർമിറ്റുകൾ സംബന്ധിച്ച കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിപ്രകാരം കെ.എസ്.ആർ.ടി.സി.ക്കു മാത്രമേ ദേശസാൽകൃത റൂട്ടുകളിൽ ബസ് സർവ്വീസ് നടത്തുവാൻ അവകാശമുള്ളുവെന്നും, ഇത് ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളെ ഒഴിവാക്കുവാൻ കെ.എസ്.ആർ.ടി.സി.യും ആർ.ടി.എ.കളും നാലാഴ്ചക്കുള്ളിൽ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) കോടതിവിധി ലംഘിച്ച് സർവ്വീസ് നടത്തുന്ന ബസ്സുകൾക്കെതിരെ മോട്ടോർവാഹന നിയമം (192–എ) അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## <u>തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പുതിയ നിയമം</u>

453. ഡോക്ടർ തോമസ് ഐസക്:
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പുതിയ നിയമം ഉണ്ടാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ബി) തൊഴിൽ സംരക്ഷണ നിയമങ്ങളിൽ നിന്ന് രക്ഷപ്പെടാനും, അവകാശങ്ങൾ നിഷേധിക്കാനും തൊഴിലാളി വിരുദ്ധ നടപടികളുമായി മുന്നോട്ടു പോകാനും ചില തൊഴിലുടമകളും സ്ഥാപനങ്ങളും ശ്രമിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ തൊഴിലുടമയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തൊഴിൽമേഖലയിൽ കണ്ടുവരുന്ന ചില ദുഷ്പ്രവണതകൾ പർവതീകരിച്ച് കാണിക്കുന്ന തൊഴിലുടമകളുടെ സമ്മർദ്ദതന്ത്രങ്ങൾക്ക് വഴങ്ങാതിരിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ഇ) തൊഴിൽ പ്രശ്നത്തിന്റെ പേരിൽ ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കാതിരിക്കുന്നുണ്ടോ ?

<u>**ഉത്തരം**</u>

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി):-**

(എ) ഇല്ല. എന്നാൽ നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തേണ്ടിവരും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. നിയമപരമായി തൊഴിലാളികൾക്ക് അർഹതപ്പെട്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(ഡി) കേരളത്തിലെ തൊഴിൽമേഖല സമരായുക്തമാണെന്നും വ്യവസായപുരോഗതിക്ക് തടസ്സം നിൽക്കുന്നവരാണ് തൊഴിലാളികളെന്നും പ്രചാരണം മോശമായ പ്രതിഛായ സൃഷ്ടിക്കുവാൻ സാദ്ധ്യതയുണ്ട്. കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഇത് തടസ്സവുമാണ്. അതിനാൽ മാതൃകാപരമായ തൊഴിലാളി-തൊഴിലുടമ ബന്ധം പ്രോത്സാഹിപ്പിക്കുവാനും ആശാസ്യമല്ലാത്ത തൊഴിൽശീലങ്ങളും പ്രതികൂല ഭാവമുള്ള തൊഴിൽ ബന്ധങ്ങളും നിരുൽസാഹപ്പെടുത്തുവാനും നിയമനിർമ്മാണം, അനുരഞ്ജനം,ബോധവൽക്കരണം, ഉചിതമായ ഭരണതലഇടപെടൽ എന്നീ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന ഒരു തൊഴിൽനയത്തിനാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

(ഇ) തൊഴിൽതർക്കത്തിന്റെ പേരിൽ മാത്രം പൊതുമേഖലാവ്യവസായ സ്ഥാപനങ്ങൾ ഒന്നും ഇപ്പോൾ പ്രവർത്തനരഹിതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

****